ഉത്തരം

(എ)&(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**162 (1522) കേശവപുരം ഗവൺമെന്റ് ആശുപത്രിയിലെ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കേശവപുരം ഗവൺമെന്റ് ആശുപത്രിയിൽ നിലവിലുള്ള ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള ബെഡ്ഡുകളുടെ അപര്യാപ്തതമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും മറ്റു സൗകര്യങ്ങൾ വിപുലീകരിക്കുവാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ 26 കിടക്കകളാണ് നിലവിലുള്ളത്. എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ജില്ലാതല ആശുപത്രികൾവരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തന വികസനച്ചുമതല ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രിയുടെ വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ നിർദ്ദിഷ്ട ബ്ലോക്കു പഞ്ചായത്ത് ഏർപ്പെടുത്തുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**163 (1523) പി.എച്ച്.സി. കെട്ടിടങ്ങളുടെ പണി**

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ, കുളത്തൂർ, പരണിയം, കൊല്ലയിൽ എന്നിവിടങ്ങളിൽ പി.എച്ച്.സി. കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിക്കാതിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ഫർണിച്ചറും സ്റ്റാഫും നൽകി ഇക്കൊല്ലംതന്നെ ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ടി പി.എച്ച്.സി.കൾ ഒരു ഡോക്ടറുടെ തസ്തിക മാത്രം നിലവിലുള്ള മിനി പി.എച്ച്.സി.കളാണ്. ഇവിടങ്ങളിൽ ഐ.പി. പ്രവർത്തിക്കുന്നില്ല. എന്നാൽ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. പുതുതായി പണികഴിപ്പിച്ച കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ആരോഗ്യവകുപ്പിന് കൈമാറുകയും ബന്ധപ്പെട്ട പഞ്ചായത്ത് മറ്റ് അടി സ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിനനുസൃതമായി നിലവി ലുള്ള മാനദണ്ഡമനുസരിച്ച് സ്റ്റാഫിനെ നൽകുന്നകാര്യം പരിഗണിക്കാവുന്ന താണ്.

**164 (1524) മുളക്കുഴ പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായ ത്തിലെ ആയുർവേദ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്ത് ആശുപത്രിയായി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണ മെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. 10 കിടക്കകൾ ഉള്ള ഡിസ്പെൻസറികൾ സാധാരണ അപ്ഗ്രേഡ് ചെയ്യാറില്ല. മാത്രവുമല്ല ആശുപ ത്രിയായി ഉയർത്തുന്നതിന് ആവശ്യമായ കെട്ടിടം പഞ്ചായത്ത് പണിചെയ്ത് ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**165 (1525) പത്തനംതിട്ട ജില്ലയിലെ കോന്നി പി.എച്ച്.സി.യിലെ ഒഴിവ്**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നി പി.എച്ച്.സി.യിൽ ഒഴിവായി ക്കിടക്കുന്ന സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ എന്തുകൊണ്ടാണ് നിയമനം നടത്താത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിൽ ആളില്ലാതായിട്ട് എത്ര നാളായെന്നും എന്നത്തേയ്ക്ക് ഇവിടെ നിയമനം നടത്താനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കോന്നി പി.എച്ച്.സി.യിൽ സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെ ക്ടർ എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly